പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1231 — 12.07.2016-ൽ മറുപടിക്ക്

**കിഴക്കേക്കോട്ടയിൽ കെ.എസ്.ആർ.ടി.സി യുടെ കൈവശമുള്ള പാട്ടഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | തിരുവനന്തപുരത്ത് കിഴക്കേക്കോട്ട യ്ക്കടുത്ത് എത്ര സെന്റ് സ്ഥലമാണ് കെ.എസ്.ആർ.ടി.സി. യ്ക്ക് പാട്ട മായി ലഭിച്ചിട്ടുള്ളത്; | (എ) | കിഴക്കേക്കോട്ടയിൽ കെ.എസ്.ആർ.ടി.സി. ക്ക് പാട്ടത്തിന് ഭൂമി നൽകിയിട്ടില്ല. കിഴക്കേക്കോട്ടയിലുള്ള കെ.എസ്.ആർ. ടി.സി വക 75.25 സെന്റ് സ്ഥലം 28.09.2008 മുതൽ സർക്കാരിൽ നിന്നും ലഭിച്ച പട്ടയ ഭൂമിയാണ്. ഈ ഭൂമിക്ക് 14.09.2015 മുത ലാണ് കരം ഒടുക്കുന്നതിന് കെ.എസ്.ആർ. ടി.സി.ക്ക് അനുമതി ലഭ്യമായത്. |
| (ബി) | പാട്ടമായി ലഭിച്ച ഭൂമി മൊത്തം കെ.എസ്.ആർ.ടി.സി. കൈവശം വച്ച് ഉപയോഗപ്പെടുത്തി വരുന്നു ണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ; | (ബി) | ഭൂമി മുഴുവനായും കെ.എസ്.ആർ.ടി.സി. യുടെ പേരിലാണെങ്കിലും അനധികൃത കൈയ്യേറ്റം നിലനിൽക്കുന്നുണ്ട്. ഇവരെ ഒഴിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടം നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കി ഭൂമി കെ.എസ്.ആർ.ടി.സി ഉപയോഗിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത സ്ഥലത്തിൽ നിന്നും ഏതെങ്കിലും ഭാഗത്ത് സ്വകാര്യ വ്യക്തികൾ അനധികൃതമായി കച്ചവട സ്ഥാപനങ്ങൾ നടത്തി വരുന്നുണ്ടോ; | (സി) | സ്വകാര്യ വ്യക്തികൾ അനധികൃതമായി കച്ചവടസ്ഥാപനങ്ങൾ നടത്തി വരുന്നുണ്ട്. ഒഴിപ്പിക്കൽ നടപടി ജില്ലാ ഭരണകൂടം മുഖാന്തിരം സ്വീകരിച്ചു വരുന്നു. |
| (ഡി) | അനധികൃത കയ്യേറ്റം ഒഴിപ്പിക്കണ മെന്ന് കാണിച്ച് ഹൈക്കോടതി എന്തെങ്കിലും പരാമർശം നടത്തിയി രുന്നോ; ഇത് സംബന്ധിച്ച് സർക്കാ രിന് നൽകിയ നിർദ്ദേശം പാലിച്ചിട്ടു ണ്ടോ; ഇല്ലെങ്കിൽ ഹൈക്കോടതി വിധി പ്രകാരം കയ്യേറ്റക്കാരിൽ | (ഡി) | ബഹു. ഹൈക്കോടതിയിൽ WP(c) No. 20333/2012 പ്രകാരം ഒഴിപ്പിക്കലിനെതിരെ കൈയ്യേറ്റക്കാർ കേസ് ഫയൽ ചെയ്തി രുന്നുവെങ്കിലും കേസ് തള്ളിയതായി കാണുന്നു. കെ.എസ്.ആർ.ടി.സി.ക്ക് 2008-ൽ പട്ടയം ലഭ്യമായെങ്കിലും കരം ഒടുക്കുന്നതിന് 14.09.2015-ൽ മാത്രമാണ് |

| | | | |
|---|---|---|---|
| | നിന്നും കയ്യേറ്റമൊഴിപ്പിക്കാൻ സത്വരം നടപടി സ്വീകരിക്കുമോ; | | അനുമതി ലഭിച്ചത്. 2014-15-ൽ കെ.എസ്. ആർ.ടി.സി കരം ഒടുക്കിയതിന് ശേഷം അനധികൃത കച്ചവട സ്ഥാപനങ്ങളെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും കേരള ഭൂസംരക്ഷണ ആക്ട് 1957 റൂൾ - 5 അനുസരിച്ച് ടി ഭൂമിയെ സർക്കാർ ഭൂമിയായി പരിഗണിച്ച് അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിന് നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന് കെ.എസ്.ആർ.ടി.സി. വിവരം നൽകിയിട്ടുണ്ട്. അനധികൃത കച്ചവടം ഒഴിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി. നിലവിൽ വന്നപ്പോൾ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വകുപ്പിന്റേതായിരുന്ന എത്ര സ്ഥലം കൈമാറിക്കിട്ടിയിരുന്നു; ജില്ല തിരിച്ചുള്ള വിവരം നല്കാമോ; ഇതിൽ എത്ര സ്ഥലം ഇപ്പോൾ കൈവശമുണ്ടെന്നും ഏതെങ്കിലും ഭാഗം സ്വകാര്യ വ്യക്തികളുടെ കൈവശത്തിലായിട്ടുണ്ടോ എന്നും വിശദവിവരം നല്കാമോ ? | (ഇ) | സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ. 4936/TC4/65/PW dated 12.03.1965 പ്രകാരം സ്ഥലം കൈമാറിയെങ്കിലും അതിൽ ഗതാഗത വകുപ്പിന്റേതായിരുന്ന സ്ഥലം ഏതെല്ലാമെന്നും എത്ര സ്ഥലമെന്നും വ്യക്തമായി പരാമർശിച്ചിട്ടില്ല.<br>ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള സ്ഥലത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കൂടാതെ സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം ജില്ല<br>i. പാച്ചല്ലൂർ<br>ii. കിഴക്കേക്കോട്ട<br>iii. ആറ്റിങ്ങൽ<br>2. ആലപ്പുഴ ജില്ല<br>i. തോട്ടപ്പള്ളി<br>3. ഇടുക്കി ജില്ല<br>i. ദേവികുളം<br>4. വയനാട് ജില്ല<br>i. കൽപ്പറ്റ |

സെക്ഷൻ ഓഫീസർ

അനുബന്ധം



# കെ.എസ്.ആർ.ടി.സി - മൊത്തം വസ്തുക്കളുടെ വിവരങ്ങൾ

1. തിരുവനന്തപുരം ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ചീഫ് ഓഫീസ് | 0.38 | സർക്കാർ ലഭ്യമാക്കിയത് | |
| 2 | സിറ്റി ഗാരേജ് | 0.99 | സർക്കാർ ലഭ്യമാക്കിയത് | |
| 3 | തെക്കേ തെരുവ് | 0.28 | സർക്കാർ ലഭ്യമാക്കിയത് | |
| 4 | ഈസ്റ്റ് ഫോർട്ട് സ്റ്റാന്റ് | 0.29 | സർക്കാർ ലഭ്യമാക്കിയത് | |
| 5 | പാപ്പനംകോട് യൂണിറ്റ് | 2.06 | സർക്കാർ ലഭ്യമാക്കിയത് | |
| 6 | തിരു.സെൻട്രൽ | 2.73 | സർക്കാർ ലഭ്യമാക്കിയത് | |
| 7 | പുത്തരിക്കണ്ടം ഗാരേജ് | 0.77 | സർക്കാർ ലഭ്യമാക്കിയത് | |
| 8 | സ്റ്റാഫ് ട്രയിനിംഗ് സെന്റർ | 0.33 | സർക്കാർ ലഭ്യമാക്കിയത് | |
| 9 | സെൻട്രൽ വർക്ക്സ് | 9.57 | സർക്കാർ ലഭ്യമാക്കിയത് | |
| 10 | ആര്യനാട് | 0.29 | പഞ്ചായത്ത് മുഖേന | |
| 11 | പാലോട് | 0.68 | പഞ്ചായത്ത് മുഖേന | |
| 12 | കുളത്തൂർ | 1.01 | പഞ്ചായത്ത് മുഖേന | |
| 13 | വെള്ളനാട് | 0.99 | പഞ്ചായത്ത് മുഖേന | |
| 14 | നെയ്യാറ്റിൻകര | 1.59 | സർക്കാർ ലഭ്യമാക്കിയത് | |
| 15 | പാറശ്ശാല* | 1.22 | ലാന്റ് അക്വിസിഷൻ | കോർപ്പറേഷൻ ഫണ്ടും ഉപയോഗിച്ചിട്ടുണ്ട് |
| 16 | പാറശ്ശാല (RW)* | 3.47 | ലാന്റ് അക്വിസിഷൻ | കോർപ്പറേഷൻ ഫണ്ടും ഉപയോഗിച്ചിട്ടുണ്ട് |
| 17 | വിഴിഞ്ഞം | 1.23 | സർക്കാർ ലഭ്യമാക്കിയത് | |
| 18 | പേരൂർക്കട | 1.06 | ലാന്റ് അക്വിസിഷൻ | |
| 19 | കാട്ടാക്കട | 1.99 | സർക്കാർ ലഭ്യമാക്കിയത് | |
| 20 | നെടുമങ്ങാട് | 1.22 | സർക്കാർ ലഭ്യമാക്കിയത് | |
| 21 | ഈഞ്ചക്കൽ | 2.34 | ലാന്റ് അക്വിസിഷൻ | |
| 22 | അമരവിള (Waiting shed) | 0.03 | സർക്കാർ ലഭ്യമാക്കിയത് | |
| 23 | വാമനപുരം (Waiting shed) | 0.01 | സർക്കാർ ലഭ്യമാക്കിയത് | |
| 24 | പാച്ചല്ലൂർ (Waiting shed) | 0.01 | സർക്കാർ ലഭ്യമാക്കിയത് | |

| | | | | |
|---|---|---|---|---|
| 25 | കണിയാപുരം | 0.89 | പഞ്ചായത്ത് മുഖേന | |
| 26 | പൂവ്വാർ | 1.37 | സർക്കാർ ലഭ്യമാക്കിയത് | |
| 27 | ആറ്റിങ്ങൽ | 1.77 | സർക്കാർ ലഭ്യമാക്കിയതും, ലാന്റ് അക്വിസിഷൻ മുഖേനയും | |
| 28 | കിളിമാനൂർ | 0.99 | പഞ്ചായത്ത് മുഖേന, ലാന്റ് അക്വിസിഷൻ | |
| 29 | വെഞ്ഞാറമൂട് | 0.68 | പഞ്ചായത്ത് മുഖേന | |
| 30 | വിതുര | 0.92 | പഞ്ചായത്ത് മുഖേന | |
| 31 | വെള്ളറട | 0.96 | പഞ്ചായത്ത് മുഖേന | |
| 32 | വികാസ് ഭവൻ* | 1.17 | വിലയ്ക്ക് വാങ്ങിയത് | കോർപ്പറേഷൻ ഫണ്ട് |
| 33 | ആനയറ | 1.42 | പാട്ടഭൂമി | |
| | **ആകെ** | **44.71** | | |

## 2. കൊല്ലം ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ചാത്തന്നൂർ | 2.02 | സർക്കാർ ലഭ്യമാക്കിയത് | |
| 2 | കരുനാഗപ്പള്ളി | 1.03 | സർക്കാർ ലഭ്യമാക്കിയത് | |
| 3 | കുളത്തൂപ്പുഴ | 0.98 | സ്വകാര്യ വ്യക്തിയിൽ നിന്ന് വിലയാധാരം | |
| 4 | കൊട്ടാരക്കര | 1.62 | സർക്കാർ ലഭ്യമാക്കിയത് | |
| 5 | കൊല്ലം | 1.32 | സർക്കാർ ലഭ്യമാക്കിയത് | |
| 6 | ഓച്ചിറ | 0.04 | സർക്കാർ ലഭ്യമാക്കിയത് | |
| 7 | ആണ്ടാംമുക്കം | 0.20 | സർക്കാർ ലഭ്യമാക്കിയത് | |
| 8 | ശാസ്താംകോട്ട | 0.68 | പഞ്ചായത്ത് മുഖേന | |
| 9 | ചടയമംഗലം | 1.42 | പഞ്ചായത്ത് മുഖേന | |
| 10 | പത്തനാപുരം | 0.57 | പഞ്ചായത്ത് മുഖേന | |
| 11 | ആര്യങ്കാവ് | 0.40 | വനം വകുപ്പിൽ നിന്നും ലഭ്യമായത് | |
| 12 | പുനലൂർ | 0.50 | സർക്കാർ ലഭ്യമാക്കിയത് | |
| 13 | ആയൂർ | 1.08 | സർക്കാർ ലഭ്യമാക്കിയത് | |
| 14 | ഇടമൺ | 0.03 | സർക്കാർ ലഭ്യമാക്കിയത് | |
| 15 | ഓച്ചിറ | 0.21 | സർക്കാർ ലഭ്യമാക്കിയത് | |
| 16 | സദാനന്ദപുരം | 0.06 | സർക്കാർ ലഭ്യമാക്കിയത് | |
| 17 | വാളകം | 0.01 | സർക്കാർ ലഭ്യമാക്കിയത് | |
| 18 | ചെങ്ങമനാട് | 0.04 | സർക്കാർ ലഭ്യമാക്കിയത് | |

| | | | | |
|---|---|---|---|---|
| 19 | നടമുളയ്ക്കൽ | 0.09 | സർക്കാർ ലഭ്യമാക്കിയത് | |
| 20 | കന്നിക്കോട് | 0.09 | സർക്കാർ ലഭ്യമാക്കിയത് | |
| | ആകെ | **12.39** | | |

## 3. ആലപ്പുഴ ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കായംകുളം | 2.05 | സർക്കാർ ലഭ്യമാക്കിയത് | റിമാർക്ക്സ് |
| 2 | ചേർത്തല | 1.97 | പഞ്ചായത്ത് മുഖേന | |
| 3 | ചെങ്ങന്നൂർ | 0.70 | സർക്കാർ ലഭ്യമാക്കിയത് | |
| 4 | മാവേലിക്കര (RW) | 2.44 | സർക്കാർ ലഭ്യമാക്കിയത് | |
| 5 | ഹരിപ്പാട് | 0.86 | പഞ്ചായത്ത് മുഖേന | |
| 6 | അമ്പലപ്പുഴ | 0.09 | സർക്കാർ ലഭ്യമാക്കിയത് | |
| 7 | അമ്പലപ്പുഴ ക്ഷേത്രം(SM Office) | 0.01 | സർക്കാർ ലഭ്യമാക്കിയത് | |
| 8 | പുന്നപ്ര (Waiting shed) | 0.01 | സർക്കാർ ലഭ്യമാക്കിയത് | |
| 9 | ആലപ്പുഴ | 2.11 | സർക്കാർ ലഭ്യമാക്കിയത് | |
| 10 | കലവൂർ (Waiting shed) | 0.04 | സർക്കാർ ലഭ്യമാക്കിയത് | |
| 11 | പുറക്കാട് | 0.04 | സർക്കാർ ലഭ്യമാക്കിയത് | |
| 12 | തോട്ടപ്പള്ളി (Waiting shed) | 0.04 | സർക്കാർ ലഭ്യമാക്കിയത് | |
| 13 | എടത്വ | 1.01 | പള്ളി വക ദാനം | |
| 14 | തകഴി | 0.01 | സർക്കാർ ലഭ്യമാക്കിയത് | |
| 15 | മാവേലിക്കര ഡിപ്പോ | 0.68 | സർക്കാർ ലഭ്യമാക്കിയത് | |
| | **ആകെ** | 12.06 | | |

## 4. പത്തനംതിട്ട ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | പത്തനംതിട്ട | 1.64 | സർക്കാർ ലഭ്യമാക്കിയത് | |
| 2 | മല്ലപ്പള്ളി | 0.82 | സ്വകാര്യ വ്യക്തിയിൽ നിന്ന് ദാനയാധാരം | |
| 3 | അടൂർ | 1.00 | സർക്കാർ ലഭ്യമാക്കിയത് | |
| 4 | പന്തളം | 1.27 | പഞ്ചായത്ത് മുഖേന | |
| 5 | തിരുവല്ല | 1.20 | ലാന്റ് അക്വിസിഷൻ | |
| 6 | കോന്നി | 1.13 | പഞ്ചായത്ത് മുഖേന | |
| 7 | റാന്നി | 0.28 | പഞ്ചായത്ത് മുഖേന | |
| 8 | പമ്പ | 3.23 | പാട്ടഭൂമി | വനഭൂമി |
| | **ആകെ** | **10.57** | | |

## 5. കോട്ടയം ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കോട്ടയം | 1.80 | സർക്കാർ ലഭ്യമാക്കിയത് | |
| 2 | പാലാ | 1.51 | സർക്കാർ ലഭ്യമാക്കിയത് | |
| 3 | വൈക്കം | 1.17 | സർക്കാർ ലഭ്യമാക്കിയത് | |
| 4 | ഈരാറ്റുപ്പേട്ട | 1.15 | ലാന്റ് അക്വിസിഷൻ | |
| 5 | ചങ്ങനാശ്ശേരി | 0.62 | സർക്കാർ ലഭ്യമാക്കിയത് | |
| 6 | പൊൻകുന്നം | 0.65 | സർക്കാർ ലഭ്യമാക്കിയത് | |
| 7 | ചിങ്ങവനം | 0.01 | സർക്കാർ ലഭ്യമാക്കിയത് | |
| 8 | ഏറ്റുമാനൂർ | 0.97 | സ്വകാര്യ വ്യക്തിയിൽ നിന്നും ദാനയാധാരം | |
| 9 | കുറവിലങ്ങാട് | 0.08 | സർക്കാർ ലഭ്യമാക്കിയത് | |
| 10 | എരുമേലി | 0.24 | പാട്ടഭൂമി | ദേവസ്വം വക |
| | **ആകെ** | **8.20** | | |

## 6. ഇടുക്കി ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | തൊടുപ്പുഴ | 1.03 | സർക്കാർ ലഭ്യമാക്കിയത് | |
| 2 | കമിളി | 1.04 | സർക്കാർ ലഭ്യമാക്കിയത് | |
| 3 | മൂന്നാർ | 2.42 | സർക്കാർ ലഭ്യമാക്കിയത് | |
| 4 | ദേവികുളം | 0.08 | സർക്കാർ ലഭ്യമാക്കിയത് | |
| 5 | കട്ടപ്പന | 0.87 | പഞ്ചായത്ത് മുഖേന | |
| 6 | മൂലമറ്റം | 0.47 | KSEB മുഖേന ലഭ്യമായത് | |
| | **ആകെ** | **5.91** | | |

## 7. എറണാകുളം ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ആലുവ | 1.61 | സർക്കാർ ലഭ്യമാക്കിയത് | |
| 2 | ആലുവ (RW) | 2.00 | സർക്കാർ ലഭ്യമാക്കിയത് | |
| 3 | അങ്കമാലി* | 1.14 | സർക്കാർ ലഭ്യമാക്കിയതും, ലാന്റ് അക്വിസിഷൻ മുഖേനയും | കോർപ്പറേഷൻ ഫണ്ടും ഉപയോഗിച്ചിട്ടുണ്ട് |
| 4 | കോതമംഗലം | 1.01 | സ്വകാര്യ വ്യക്തിയിൽ നിന്നും ദാനയാധാരം | |
| 5 | വടക്കൻ പറവൂർ | 0.98 | നഗരസഭ മുഖേന | |
| 6 | പെരുമ്പാവൂർ | 1.47 | സർക്കാർ ലഭ്യമാക്കിയത് | |

| | | | | |
|---|---|---|---|---|
| 7 | എറണാകുളം ബസ്സ് സ്റ്റാന്റ് | 1.94 | സർക്കാർ ലഭ്യമാക്കിയത് | |
| 8 | കാരക്കാമുറി | 1.41 | സർക്കാർ ലഭ്യമാക്കിയത് | |
| 9 | തേവര | 2.08 | സർക്കാർ ലഭ്യമാക്കിയത് | |
| 10 | എറണാകുളം ബോട്ട് ജെട്ടി | 0.46 | സർക്കാർ ലഭ്യമാക്കിയത് | |
| 11 | മൂവാറ്റുപുഴ | 1.82 | ലാന്റ് അക്വിസിഷൻ | |
| 12 | പിറവം | 1.14 | പഞ്ചായത്ത് മുഖേന | |
| 13 | കൂത്താട്ടുകുളം | 1.21 | പഞ്ചായത്ത് മുഖേന | |
| 14 | മട്ടാഞ്ചേരി | 0.08 | സർക്കാർ ലഭ്യമാക്കിയത് | |
| 15 | ചേന്ദമംഗലം | 0.01 | സർക്കാർ ലഭ്യമാക്കിയത് | |
| | **ആകെ** | **18.36** | | |

## 8. തൃശ്ശൂർ ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റീമാർക്ക്സ് |
|---|---|---|---|---|
| 1 | ഗുരുവായൂർ | 0.82 | സർക്കാർ ലഭ്യമാക്കിയതും, ലാന്റ് അക്വിസിഷൻ മുഖേനയും | |
| 2 | ചാലക്കുടി | 2.05 | സർക്കാർ ലഭ്യമാക്കിയത് | |
| 3 | പുതുക്കാട് | 1.64 | പഞ്ചായത്ത് മുഖേന | |
| 4 | ഇരിങ്ങാലക്കുട | 1.01 | നഗരസഭ മുഖേന | |
| | മാള* | 0.84 | പഞ്ചായത്ത് മുഖേനയും, സ്വകാര്യവ്യക്തികളിൽനിന്നും ഫ്രീ സറണ്ടർ, സ്വകാര്യ വ്യക്തികളിൽ നിന്നും വിലക്കെടുത്തത് | 29 സെന്റ് കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് വിലക്കെടുത്തത് |
| 6 | കൊടുങ്ങല്ലൂർ | 2.02 | നഗരസഭ മുഖേന | |
| 7 | തൃശ്ശൂർ | 1.30 | സർക്കാർ ലഭ്യമാക്കിയതും, ലാന്റ് അക്വിസിഷൻ മുഖേനയും | |
| | **ആകെ** | **9.68** | | |

## 9. മലപ്പുറം ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റീമാർക്ക്സ് |
|---|---|---|---|---|
| 1 | നിലമ്പൂർ | 1.21 | നിലമ്പൂർ കോവിലകം ദാനം നൽകിയത് | |
| 2 | പൊന്നാനി | 2.27 | സർക്കാർ ലഭ്യമാക്കിയത് | |
| 3 | പെരിന്തൽമണ്ണ | 0.92 | സർക്കാർ ലഭ്യമാക്കിയത് | |
| 4 | എടപ്പാൾ (RW) | 22.16 | സർക്കാർ ലഭ്യമാക്കിയത് | |
| 5 | മലപ്പുറം | 0.91 | സർക്കാർ ലഭ്യമാക്കിയത് | |
| | **ആകെ** | **27.47** | | |

## 10. പാലക്കാട് ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ചിറ്റൂർ | 2.03 | പഞ്ചായത്ത് മുഖേന | |
| 2 | വടക്കാഞ്ചേരി | 2.02 | സർക്കാർ ലഭ്യമാക്കിയത് | |
| 3 | പാലക്കാട് | 1.23 | സർക്കാർ ലഭ്യമാക്കിയതും, ലാന്റ് അക്വിസിഷൻ മുഖേനയും | |
| 4 | മണ്ണാർക്കാട് | 0.61 | പഞ്ചായത്ത് മുഖേന | |
| | ആകെ | **5.89** | | |

## 11. കോഴിക്കോട് ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കോഴിക്കോട് | 1.38 | സർക്കാർ ലഭ്യമാക്കിയതും, ലാന്റ് അക്വിസിഷൻ മുഖേനയും | |
| 2 | കോഴിക്കോട് (RW) | 1.30 | സർക്കാർ ലഭ്യമാക്കിയതും, ലാന്റ് അക്വിസിഷൻ മുഖേനയും | |
| 3 | താമരശ്ശേരി | 0.45 | സർക്കാർ ലഭ്യമാക്കിയത് | |
| 4 | തൊട്ടിൽപ്പാലം | 0.61 | നഗരസഭ മുഖേന | |
| 5 | വടകര | 0.40 | നഗരസഭ മുഖേന | |
| 6 | പാവങ്ങാട് | 1.00 | പ്രിമോ പൈപ്പ്സ് വക ഭൂമി | |
| 7 | തിരുവമ്പാടി | 0.71 | പഞ്ചായത്ത് മുഖേന | |
| | ആകെ | **5.85** | | |

## 12. വയനാട് ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | മാനന്തവാടി | 1.62 | സർക്കാർ ലഭ്യമാക്കിയതും, ലാന്റ് അക്വിസിഷൻ മുഖേനയും | |
| 2 | കൽപ്പറ്റ | 1.01 | മിച്ചഭൂമി വിലയ്ക്കെടുത്തത് | |
| 3 | മാനന്തവാടി | 0:10 | സർക്കാർ ലഭ്യമാക്കിയത് | കോർപ്പറേഷൻ ഫണ്ട് |
| 4 | സുൽത്താൻ ബത്തേരി | 2.55 | സർക്കാർ ലഭ്യമാക്കിയത് | |
| | ആകെ | **5.28** | | |

13. കണ്ണൂർ ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | പയ്യന്നൂർ | 1.61 | സർക്കാർ ലഭ്യമാക്കിയത് | |
| 2 | കണ്ണൂർ | 1.72 | സർക്കാർ ലഭ്യമാക്കിയത് | |
| 3 | തലശ്ശേരി | 0.92 | സർക്കാർ ലഭ്യമാക്കിയത് | |
| | ആകെ | **4.25** | | |

14. കാസർഗോഡ് ജില്ല

| നമ്പർ | ഡിപ്പോ/യൂണിറ്റ് | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമി ലഭിച്ച വിധം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കാസർഗോഡ് | 1.33 | ലാന്റ് അക്വിസിഷൻ | |
| 2 | കാഞ്ഞങ്ങാട് | 0.91 | നഗരസഭ മുഖേന | പാട്ടഭൂമി |
| | ആകെ | **2.24** | | |

ആകെ ഭൂമി = 172.86 ഹെക്ടർ

തണ്ടപ്പേർ/പട്ടയം ഉള്ള ഭൂമി = 126.74 ഹെക്ടർ
തണ്ടപ്പേർ /പട്ടയം ലഭ്യമല്ലാത്ത വസ്തുക്കൾ = 40.32 ഹെക്ടർ
പാട്ടവസ്തു = 5.80 ഹെക്ടർ

സെക്ഷൻ ഓഫീസർ.